LBRD-C4/47/2026-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം -ധനുവച്ചപുരം ഐ.ടി.ഐ-യിലെ വാച്ച്മാൻ ശ്രീ.ശരത്.പി.എ-യുടെ പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.567/2026/LBR തീയതി,തിരുവനന്തപുരം, 08-04-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം. 314/2024/തൊഴിൽ, തീയതി 05/03/2024.
2. ധനുവച്ചപുരം ഐ.ടി.ഐ-യിലെ വാച്ച്മാൻ ആയ ശ്രീ.ശരത്.പി.എ സമർപ്പിച്ച 10/10/2025 തീയതിയിലെ അവധി അപേക്ഷ.
3. ട്രെയിനിംഗ് ഡയറക്ടറുടെ 15/12/2025 തീയതിയിലെ ഡി.ടി/5072/2025/എ7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലെ ധനുവച്ചപുരം ഐ.ടി.ഐ-യിലെ വാച്ച്മാൻ ആയ ശ്രീ.ശരത്.പി.എ-യ്ക്ക് പരാമർശം-1-ലെ ഉത്തരവ് പ്രകാരം പഠനാവശ്യത്തിനായി 25/09/2023 മുതൽ 31/07/2025 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

2) എന്നാൽ ട്രെയിനിംഗ് പൂർത്തിയായതിനാൽ 24/06/2025-ന് ടിയാനെ തിരികെ സേവനത്തിൽ പ്രവേശിപ്പിച്ചു. ടിയാൻ പ്രയോജനപ്പെടുത്താത്ത 24/06/2025 മുതൽ 31/07/2025 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിനായി പരാമർശം-3-ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനുവച്ചപുരം ഐ.ടി.ഐ-യിലെ വാച്ച്മാൻ ആയ ശ്രീ.ശരത്.പി.എ-യ്ക്ക് പരാമർശം-1-ലെ ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൻ ഉപയുക്തമാക്കാത്ത 24/06/2025 മുതൽ 31/07/2025 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ശരത്.പി.എ, വാച്ച്മാൻ, ധനുവച്ചപുരം ഐ.ടി.ഐ (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (25/03/2026-ലെ 3434573/LBR-1/56/26-FIN നമ്പർ നോട്ട് പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 08-04-2026 20:33:07
സെക്ഷൻ ഓഫീസർ